# സംഗീത മാധുരി

ഡോ: കെ. ഭാസ്കരൻ നായർ

നല്ല സംഗീതം കേൾക്കുമ്പോഴുണ്ടാകുന്ന അനുഭവത്തെ വർണ്ണിക്കുവാൻ സാധിക്കുമോ ?

സംഗീതം മാത്രമല്ല, സന്തോഷവും വേദനയും, സ്നേഹവും, അദ്ധ്യാത്മദർശനവും മരണവും, എന്നു വേണ്ട ജീവിതത്തിൽ ഏററവും അർത്ഥവത്തായ ഒരു ഭാവവും അനുഭവിക്കുവാനല്ലാതെ ആഖ്യാനം ചെയ്യുവാൻ—അന്യനെ പറഞ്ഞു മനസ്സിലാക്കുവാൻ—സാദ്ധ്യമല്ലെന്നു് ആൾഡസ് ഹക്സ്‌ലി എന്ന മഹാനായ ഇംഗ്ലീഷ് സാഹിത്യകാരൻ തീർത്തു പറയുന്നു. എന്നാലും ഈ ലോകത്തിൽ ഭാഷയെ കൈകാര്യം ചെയ്തു് തങ്ങൾക്കും മററുള്ളവർക്കും ആനന്ദം ജനിപ്പിക്കുന്നതിനുവേണ്ടി നിരന്തരം പരിശ്രമിക്കുന്ന മനുഷ്യരെല്ലാം ഈ പ്രയാസത്തെ മറി കടക്കാമെന്നുള്ള പ്രത്യാശ പുലർത്തുന്നവരാണു്. കേരളം ജനിപ്പിച്ചിട്ടുള്ള കഥാകൃത്തുകളിൽ വച്ചു് ഏററവും മഹാനായ സി. വി. രാമൻപിള്ള ''ധർമ്മരാജാ'' എന്ന ആഖ്യായികയിൽ ഹരിപഞ്ചാനന യോഗീശ്വരൻ എന്ന കഥാപാത്രത്തിന്റെ ഗാനാലാപത്തെ വർണ്ണിക്കുന്നതു് ഇങ്ങിനെയാണു്:

''ഹരിനാമ പുണ്യഹ്രദത്തിൽ നിന്നു് ഉൽഭൂതമായ ആ അമൃതപ്രവാഹം നാട്ടമലഹരിയാദി ഗിരിസാനുക്കളും, സാന്ദ്രകരുണമായ ഘണ്ടപുന്നാഗാദി വനതലങ്ങളും, കേദാര വരാട്യാദി ശിലാദ്വീപങ്ങളും, സൈന്ധവ സൗരാഷ്ട്രാദി വിസ്തൃതികളും, ഗൗളമാളവാദി പുരവരങ്ങളും, കല്യാണി കാമോദരിയാദി ചൈത്രരഥങ്ങളും, തോടിഭൈരവിയാദി വിഷമശാദ്വലങ്ങളും, ആഹരി ബലഹരിയാദി കർദ്ദമദേശങ്ങളും തരണം ചെയ്തു്, ആരഭീമുദ്രശപ്ത ശീതളാനുഭൂതിയോടെ, ഭൂപാളബ്രഹ്മാനന്ദ സാഗരത്തോടു് സംഗമിച്ചു. മൃഗേന്ദ്രോൽപതനം പോലുള്ള ആരോഹണങ്ങളും നദീഝരികൾ പോലുള്ള അവരോഹണങ്ങളും ഗജപ്രൗഢിയോടുകൂടിയുള്ള പ്രസ്ഥാനങ്ങളും, സർപ്പചാപല്യമായുള്ള ഭ്രമണങ്ങളും, ആകാശമദ്ധ്യസ്ഥനായ ഗരുഡന്റെ പക്ഷനിശ്ചലതപോലെ പ്രവർത്തനം ചെയ്യുന്ന സ്വരലയങ്ങളും കൊണ്ടു് സരസ്വതീദേവിയെ സംഗീതാത്മികയായി ആ പ്രാസംഗികഗായകൻ അവിടെ പ്രത്യക്ഷയാക്കി. കഥാവിഷയം നശ്വരമായ പ്രപഞ്ചത്തിൽ, ആത്മാവൊന്നേ ശാശ്വതമായുള്ള എന്നും, അതു് പരമാത്മാവിന്റെ ചൈതന്യമാകയാൽ പരമാത്മാനുഭൂതിയെ സ്വാത്മാവിനാൽ സാധിക്കണമെന്നും, അതു് ഗുരുപ്രസാദലബ്ധിയാൽ ബാലന്മാർക്കും ക്ഷിപ്രസാദ്ധ്യമാണെന്നും ഇതിനു ദൃഷ്ടാന്തം ധ്രുവരാജകുമാരോപാഖ്യാനം തന്നെ എന്നും ആയിരുന്നു.''

ഈ വർണ്ണനയിലെ ഭാഷ കഠിനമാണു്. പക്ഷേ അതിൽ കാണുന്ന മുഴക്കമേറിയ പദങ്ങളിൽ അധികവും രാഗങ്ങളുടെ പേരുകളാണു്. ഗാനാലാപത്തിൽ പ്രയോഗിച്ച രാഗങ്ങളുടെ പേരുകൾ കോർത്തിണക്കി സംഗീതശ്രവണത്തിലുണ്ടായ ആനന്ദാനുഭൂതിയെ ഗംഗയോ ഗോദാവരിയോ പോലെയുള്ള ഒരു മഹാനദിയുടെ പ്രവാഹമായി ചിത്രീകരിച്ചിരിക്കുകയാണു്. അതിൽ പ്രവഹിക്കുന്നതു് വെറും വെള്ളമല്ല, സാക്ഷാൽ അമൃതാണു്.

ഇനി മറെറാരു ഉദാഹരണം. മഹാകവി വള്ളത്തോൾ ഒരു തോണിയാത്രയിൽ തോണിക്കാരൻ മണ്ണെണ്ണവിളക്കു് കൊളുത്തിവച്ചു് എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം വായിക്കുന്നതു് കേൾക്കുവാനിടയായി. അപ്പോൾ അദ്ദേഹത്തിനുണ്ടായ അനുഭവത്തിന്റെ വർണ്ണന കേൾക്കുക:—

അവന്റെ പാട്ടാം മണിയൊച്ച രാവിൻ
പ്രശാന്തനിശ്ശബ്ദതയെപ്പിളർക്കെ,
അതാസ്വദിക്കുന്നതിനെന്നവണ്ണം
സ്തംഭിച്ചുനിന്നു ദിവി താരകങ്ങൾ.
നീളത്തിലഗ്ഗീതമവന്റെ കണ്ഠ-
നാളത്തിൽ നിന്നങ്ങു വിനിർഗ്ഗളിക്കെ
ഓളങ്ങളാകുന്ന കരങ്ങൾകൊണ്ടു
താളം പിടിച്ചു നദി മെല്ലെ മെല്ലെ.
രാമാനുജപ്പൈങ്കിളി പാടിയോരു
രാമായണത്തിൻ മധുരപ്രവാഹാൽ
ആ വെണ്ണിലാവങ്ങൊരു പാല്പുഴമ്പോ-
ടാമേളനം ചെയ്തതുപോലെയായി.
ചൊല്ലൊണ്ട തുഞ്ചൻഗുരുവിന്റെ കാവ്യ
രത്നത്തിൽ നിന്നേന്തിയ കാന്തിയാലേ
അപ്പൊട്ടു മണ്ണെണ്ണവിളക്കു വിദ്യുൽ-
പ്രദീപമായെന്നുമെനിക്കു തോന്നി.
ഒരുത്തരത്തുമണമാസ്ഥലത്തു
പരന്നപാരീ കുളിർ കാററിലെങ്ങും
നിരന്തരം വന്നു പൊടിഞ്ഞിതേതോ
മരന്ദമൊന്നെന്നുടെ വഞ്ചിതന്നിൽ.
തൻ ചിത്രവർണ്ണാംഗ മരീചിയാൽ ക-
ണ്ണഞ്ചിപ്പൊരോമൽ കിളിയേറെനേരം
കൊഞ്ചിക്കളിച്ചു കളനിസ്വനത്തോ-
ടെൻ ചിത്തവല്ലിച്ചെറുചില്ലതോറും.

ഇവിടെ കവിയുടെ അഞ്ചു് ഇന്ദ്രിയങ്ങളും ഹൃദയവും ഒന്നിച്ചു് ആനന്ദിക്കുന്നതായിട്ടാണു് വർണ്ണന. എഴുത്തച്ഛന്റെ രാമായണം കിളിപ്പാട്ടാണെന്ന വസ്തുതയും ഓർമ്മിക്കണം. വള്ളത്തോളിന്റെ ചിത്തവല്ലിയുടെ ചില്ലകൾ തോറും കൊഞ്ചിക്കളിച്ച ആ പഞ്ചവർണ്ണക്കിളി സാക്ഷാൽ സരസ്വതീദേവിയുടെ കൈയിലിരിക്കുന്ന കിളി തന്നെയാണു്—സൗന്ദര്യത്തിന്റെ പരമമായ പ്രതീകം!

ഒരു ഉദാഹരണംകൂടി. മഹാഭക്തനായ വില്വമംഗലം സ്വാമിയാർ സന്ധ്യാസമയത്തു് ദീപാരാധന ചെയ്തു കൊണ്ടിരുന്നപ്പോൾ ഉണ്ണിക്കൃഷ്ണന്റെ മുരളീഗാനം കേൾക്കുന്നു. ആ അനുഭൂതിയെപ്പററി പി. കുഞ്ഞിരാമൻ നായർ നല്കുന്ന വർണ്ണന ഇതാണു്:—

ഏകാന്ത സുഖാധാരമാകാശ കടാഹത്തിൽ
മാകന്ദമധു ചിന്നുമാനന്ദ പ്രവാഹമേ!
വിസ്തൃതപ്രപഞ്ചത്തിൻ ചലന നിദാനമേ
വിസ്മയോദിത ജീവചേതനാ നികേതമേ
കൈതൊഴാം, തൊഴാം, പ്രേമ പാവന പ്രവാഹമേ
കൈതൊഴാം, തൊഴാം, കൃഷ്ണ മുരളീ നിനദമേ!
നീരദാവലി നീങ്ങുമാകാശനദീ ശ്യാമ
തീരങ്ങളിടിയുമിസ്സംഗീതലയത്തിങ്കൽ
സുരനും പുത്തിങ്കളും താരവും നുരയായി-
ത്തീരുന്നു, വനനീല ശൈലങ്ങളലിയുന്നു.
സ്വപ്പുരായ്ക്കിടക്കുന്നോരാത്മാക്കളുണരുന്നു,



Digitized by Kerala Sahitya Akademi

# പക്ഷിലോകത്തിലെ തൊഴിലാളികൾ

ശ്യാം തിരുവല്ല

### പോലീസ്

പക്ഷികളുടെ ഇടയിൽ പോലീസിന്റെ ജോലി ചെയ്യുന്നത് ''ഡ്രോൻഗോ'' എന്ന പക്ഷിയാണ്. മററുള്ള പക്ഷികൾ, അവന്റെ കൂടിനടുത്ത്, തങ്ങളുടെയും കൂടുകൾ കെട്ടുവാൻ ഇഷ്ടപ്പെടുന്നു. അവൻ തന്റെ സ്വന്തം കൂടുപോലെ, മററുള്ളവരുടെ കൂടുകളും സൂക്ഷിക്കുന്നു എന്നതാണ് ഇതിനു കാരണം. അവന്റെ കൂടിന്റെ അടുക്കലെങ്ങാനും തന്റെ ശത്രുക്കളെ കണ്ടാൽ അവൻ അവയെ ആക്രമിച്ചോടിക്കുന്നു. കഴുകനേയും, പരുന്തിനേയും പോലും ആക്രമിക്കുവാൻ അവൻ മടികാണിക്കുന്നില്ല.

### രാത്രികാവൽക്കാർ

പകൽ മുഴുവൻ സുഖമായി ഉറങ്ങിയതിനുശേഷം രാത്രിയിൽ ഉണർന്ന് കാവൽ ഇരിക്കാൻ വളരെ ഇഷ്ടപ്പെടുന്നവനാണ് മൂങ്ങ. യാതൊരു ശബ്ദവും ഉണ്ടാക്കാതെ, എലിയേയും നോക്കി മരത്തിന്റെ കൊമ്പിന്മേൽ അവൻ ഇരിക്കും. ശത്രുക്കളെക്കൊല്ലുവാൻ തന്റെ കൂത്ത നഖങ്ങളും, ചുണ്ടും ആണ് അവൻ ഉപയോഗിക്കുന്നത്.

### ശുചീകരണക്കാർ

ഭാരം കൂടിയ ശരീരത്തോടും വളഞ്ഞ് തൂവലില്ലാത്ത കഴുത്തോടും കൂടിയ ഒരു പക്ഷിയാണ് ''വൾച്ചർ'' എന്നതരം കഴുകൻ. ഇവനെക്കാണാൻ കൊള്ളുകില്ലെങ്കിലും, പറക്കലിൽ അവനെ വെല്ലാൻ മറെറാരു പക്ഷിക്കും സാദ്ധ്യമല്ല. വളരെ ഉയരത്തിൽ പറന്നുകൊണ്ട് ഭൂമി നിരീക്ഷിക്കുകയാണ് അവന്റെ പ്രധാന ജോലി. എവിടെയെങ്കിലും, ഏതെങ്കിലും, വൃത്തികേടുകളോ, ശവശരീരങ്ങളോ കണ്ടാൽ ഉടൻതന്നെ അവൻ അവിടെ നിന്നും അത് നീക്കം ചെയ്യുന്നു.

### മീൻപിടുത്തക്കാർ

സാധാരണയായി കാണാറുള്ള മീൻപിടുത്തക്കാരൻ ''പൊന്മാൻ'' ആണ്. ഈ പക്ഷിയെ സാധാരണയായി, കുളങ്ങളുടെ കരയിലും, നദീതീരത്തും മററും കാണാം. അവൻഅവിടെ ഏതെങ്കിലും ഒരു മരക്കൊമ്പിൽ ഇരുന്ന് വെള്ളത്തിലേക്ക് സൂക്ഷിച്ച് നോക്കിക്കൊണ്ടിരിക്കും, വെള്ളത്തിൽ എവിടെയെങ്കിലും ഒരനക്കം കണ്ടാൽ അവൻ മിന്നൽപോലെ പറന്നുചെന്ന് ആ ജീവിയെ ചുണ്ടുകൾക്കിടയിലാക്കുന്നു.

---

സപ്തസാഗര രവം ശ്രുതിയായ്ച്ചമയുന്നു.
സന്തതാനന്ദം ചിന്തിപ്പൊന്നുമീ മരന്ദത്തിൽ
ജന്തുവൃന്ദത്തിന്നന്തഃകരണം മുഴങ്ങുന്നു.
അല്ലുകൾ വിഭാതമായ് മാറുന്നു, കൊടുംപാറ-
ക്കല്ലുകൾ നവനീത ഭാവത്തെ വഹിക്കുന്നു.
സത്യസന്ദേശം തങ്ങുമീഗംഗാപ്രവാഹത്തിൽ
കൃത്രിമപ്രപഞ്ചപ്പൊട്ടുകളൊഴുകുന്നു.
ഭേദഖേദങ്ങളൊന്നായ്ത്തീരുമീ പ്രകാശത്തിൽ
മോഹനമാകും മായാവരണമകലുന്നു.

വെളിയിലെ ലോകവും ഉള്ളിലെ ലോകവും അടിമുടി മാറുകയാണ്. ആകാശനദിയുടെ ഇരുണ്ട തീരങ്ങൾ ഇടിയുന്നു. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം ആ മഹാപ്രവാഹത്തിലെ നുരകളായി മാറുന്നു. കാടുപിടിച്ച് നീലനിറത്തിൽ കാണുന്ന പർവ്വതപങ്ക്തികൾ അലിഞ്ഞുപോകുന്നു. രാത്രി പുലരിയാകുന്നു, പാറകൾ വെണ്ണ നെയ്യായി രൂപാന്തരപ്പെടുന്നു. മായയുടെ ആവരണം നീങ്ങി, മോഹനിദ്രയിൽ ആണ്ടുകിടന്ന ആത്മാക്കൾ ഉണരുന്നു. എന്തൊരു ഉൽകൃഷ്ടമായ അനുഭൂതിയാണിത്!

സംഗീതം അതു കേൾക്കുന്നവന്റെ ഹൃദയത്തെ മാത്രമല്ല, നാം നിത്യവും കാണുന്ന ഈ പ്രപഞ്ചത്തെപ്പോലും അലിയിക്കുന്നതായിട്ടാണ് വശ്യവചസ്സുകളായ ഈ കവികൾ വർണ്ണിക്കുന്നത്. കാലദേശങ്ങളുടെയും ജഡവസ്തുവിന്റെയും കാരാഗൃഹത്തിൽ നിന്ന് മനുഷ്യാത്മാവിനു മോചനം ലഭിച്ചതായുള്ള അനുഭവം. ഇതു് തൽക്കാലത്തേയ്ക്കുണ്ടാകുന്ന വെറും തോന്നലാണെന്ന് പറയാവുന്നതാണ്. പക്ഷേ ഈ ജീവിതം മുഴുവനും ഒരു തോന്നലല്ലേ? ആലോചിച്ചു നോക്കുക. നാം ഇതുവരെ അനുഭവിച്ചതു മുഴുവനും വെറും സ്വപ്നംപോലെ മാഞ്ഞുപോയില്ലേ? ഇപ്പോൾ അനുഭവിക്കുന്നതും നാളെയാകുമ്പോൾ മാഞ്ഞുപോകും. അതുകൊണ്ട്, സത്യത്തിൽ, 'തൽക്കാലത്തേയ്ക്കു്' എന്ന സങ്കല്പത്തിന്റെ അളവിൽ മാത്രമേ വ്യത്യാസമുള്ളു. എന്നാലും, മറെറാരു ചെറിയ വ്യത്യാസം കൂടി ഉണ്ടെന്നു സമ്മതിക്കണം. സംഗീതം ജനിപ്പിക്കുന്ന തോന്നൽ ആനന്ദവും ശാന്തിയും നൽകുന്നു. ജീവിതം എന്നു പറയുന്ന നീണ്ട തോന്നൽ ദുഃഖവും അശാന്തിയും നൽകുന്നു.

ഇന്നത്തെ ലോകത്തിൽ സംഗീതത്തിനു ലഭിച്ചിരിക്കുന്ന പ്രചാരത്തിൽ നമുക്കു തൃപ്തിപ്പെടുവാനുണ്ടോ?

★ ★ ★



Digitized by Kerala Sahitya Akademi